സ്ത്രീകളിൽ കാണപ്പെടുന്ന സ്വഭാവ വൈകല്യ രോഗങ്ങൾ

ഡോ. പി.എൻ. സുരേഷ്കുമാർ MD, DPM, DNB, Ph.D. MRC Psych
പ്രഫസർ ഓഫ് സൈക്യാട്രി,
കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട

പ്രശസ്തരാവുക, അല്ലെങ്കിൽ എന്തും ചെയ്ത് കുപ്രശസ്തരാവുക എന്നത് ചിലരുടെ അടങ്ങാത്ത ആഗ്രഹമാണ്. പ്രശസ്തി നല്ലതോ ചീത്തയോ ആകട്ടെ നാലാള് ശ്രദ്ധിക്കുകതന്നെ വേണം. ഇതാണ് ചിലരുടെ മാനസികാവസ്ഥ. അതിൽനിന്നു തന്നെയാണ് നാമിന്ന് സാമൂഹ്യമാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും ചാനൽ ചർച്ചകളിലും ആഘോഷിക്കുന്ന പല വാർത്തകളും ഉണ്ടാകുന്നത്. അത്തരം കുപ്രശസ്തരുടെ മാനസിക ആരോഗ്യത്തിന്റെ മതിൽക്കെട്ടിലുണ്ടാകുന്ന നേരിയ വിള്ളലുകളാണ് പല ദുരന്തങ്ങളിലും ചെന്നവസാനിക്കുന്നത്.

സ്ത്രീകൾ കേന്ദ്രകഥാപാത്രമായ വിഷയങ്ങളുൾപ്പെട്ട ഇത്തരം വാർത്തകളിൽ കാഴ്ചക്കാരേറും. പ്രസവിച്ച് ദിവസങ്ങൾക്കകം മൂത്ത മകനെ വെട്ടിക്കൊല്ലുകയും പിഞ്ചുകുഞ്ഞിനെ റോഡിലേക്കെറിയുകയും ചെയ്ത പാലക്കാട്ടെ അമ്മക്ക് മാനസികപ്രശ്നങ്ങളുണ്ടായിരുന്നുവെന്നും അവർ ചികിത്സയിലായിരുന്നുവെന്നും റിപ്പോർട്ടുണ്ട്. എന്നിരിക്കെ കാമുകനോടൊപ്പം ജീവിക്കാൻ പിഞ്ചുകുഞ്ഞിനെ പാറക്കെട്ടിലടിച്ചു കൊന്ന കണ്ണൂരിലെ അമ്മയിലും ഒരു മാനസികദൗർബല്യമുണ്ട് എന്നത് കാണാതെ പോകരുത്. സ്വത്ത് തട്ടാൻ ഭർത്താവിനെ സൈനൈഡ് നൽകി കൊന്ന കൂടത്തായി സ്ത്രീയുടെ കുപ്രസിദ്ധി ലഭിച്ചില്ലെങ്കിലും മറ്റൊരമ്മയ്ക്കും ഈയിടെ വാർത്താപ്രാധാന്യം നേടാനായി. സ്വന്തം നഗ്നമേനി മക്കൾക്ക് ചിത്രരചനയ്ക്കുള്ള ക്യാൻവാസാക്കാൻ കൊടുത്തുകൊണ്ടാണ് ഇവർ വാർത്തയിലേക്കുയർന്നത്. ആത്യന്തികമായി പറയട്ടെ, ഇതൊരു ക്രിമിനൽ കുറ്റം തന്നെയാണ്. ഇത്തരം കാര്യങ്ങളിൽ 12-ഉം അതിൽ താഴെയും പ്രായമുള്ള മക്കളുടെ ബാലാവകാശ സംരക്ഷണ ധ്വംസനം നടന്നിട്ടുണ്ടോ എന്ന സംശയം ഉണ്ട്. അതിനാൽതന്നെയാണല്ലോ കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള പോക്സോ നിയമപ്രകാരം ഇവർക്കെതിരെ ജാമ്യമില്ലാ കേസ് എടുത്തത്. ലൈംഗിക വിദ്യാഭ്യാസം വീടുകളിൽ നിന്നു വേണം എന്നാണ് അവരതിനു പറഞ്ഞ ന്യായീകരണം. എന്നാൽ ഏതു രീതിയിൽ വിദ്യാഭ്യാസം നൽകണം എന്നത് അതിനേക്കാൾ പ്രധാനമാണ്. വിദ്യാഭ്യാസംകൊണ്ട് വിപരീതഫലം ഉണ്ടാകാൻ പാടില്ലല്ലോ.

പന്ത്രണ്ട് വയസ് മാത്രമുള്ള മകൻ തന്റ മേനിയിൽ ചിത്രരചന നടത്തുന്ന വീഡിയോ അവർ തന്റെ യൂട്യൂബ് ചാനലിൽ പോസ്റ്റ് ചെയ്തു. പ്രതീക്ഷിച്ചതുപോലെ സംഭവം വൈറലായി, അതിന്റ എല്ലാ അർഥത്തിലും. അവരെ ന്യായീകരിച്ചും എതിർത്തും ആളുകൾ ചേരിതിരിഞ്ഞു. പലരും അവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കരുതെന്ന് നിലപാടെടുത്തപ്പോൾ 12 വയസ്സുകാരന്റെ ബാലാവകാശധ്വംസനമാണ് മറ്റുള്ളവർ ചൂണ്ടിക്കാട്ടിയത്. എന്താണിതിന്റെ മാനദണ്ഡം.

മുമ്പും ഇതേ വ്യക്തി പലവിധ സാഹചര്യങ്ങളിൽ ചാനലുകളിലും മറ്റും നിറഞ്ഞു

നിന്നിരുന്നു എന്ന് നമുക്കറിയാം. അവർ ചെയ്തത് സമൂഹദ്രോഹമാണോ? അതോ മനോ വൈകൃതമോ? ഇവരെ ന്യായീകരിക്കുന്നവർക്ക് എന്താണ് പറയാനുള്ളത്? പോൺ സിനി മകളിലെ നടിമാരുടെയൊക്കെ മക്കൾക്കും ഇതേ അവസ്ഥയുണ്ടായിരിക്കണമല്ലോ, എന്നിട്ടും നമ്മൾ പ്രതികരിക്കുന്നില്ലല്ലോ എന്നൊക്കെയാണ്. അമ്മയുടെ നഗ്നത കുഞ്ഞു ങ്ങളിൽ ഉണ്ടാക്കുന്ന അനുഭവം വേറെതന്നെയാണ്. കുഞ്ഞുങ്ങളെക്കാൾ അത്തരം സ്ത്രീക ളെയാണ് ആദ്യം പരിഗണിക്കേണ്ടത്.

പൊതുവെ പറഞ്ഞാൽ ഇവരിലെല്ലാം പ്രകടമായ ഒരു സ്വഭാവവൈകല്യം കാണാൻ സാധിക്കും. പുരുഷൻമാരെ അപേക്ഷിച്ച് നാല് തരത്തിലുള്ള സ്വഭാവവൈകല്യ രോഗ ങ്ങൾ സ്ത്രീകളിൽ കൂടുതലാണ്. ഹിസ്റ്ററിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ, ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ, ഡിപ്പൻഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ, അവോയ്ഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ എന്നിവയാണവ. ഇവ ഓരോന്നും വിശദമായി നോക്കാം.

ഹിസ്റ്ററിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ

അസാധാരണമായ പെരുമാറ്റങ്ങളോടെ വളരുന്ന ഇവരിൽ കൗമാരം അല്ലെങ്കിൽ ഹൈസ്കൂൾ കാലഘട്ടം മുതൽ കൂടുതൽ പ്രകടമായ വ്യത്യാസം കാണപ്പെടാൻ തുട ങ്ങുന്നു. വികാരപ്രകടനങ്ങളിൽ അമിതമായ പ്രാധാന്യം നൽകുന്നവരാണിവർ. എന്തിലും ഏതിലും അൽപം നാടകീയത ഇക്കൂട്ടരുടെ പ്രത്യേകതയാണ്. ചെറിയ സന്തോഷങ്ങ ളിൽപോലും പൊട്ടിച്ചിരിച്ചും വളരെ ചെറിയ കാര്യങ്ങൾക്കുപോലും പൊട്ടിക്കരഞ്ഞും വളരെ വൈകാരികമായിട്ടായിരിക്കും ഇവർ പ്രതികരിക്കുക. അതുകൊണ്ടിവരെ ഡ്രമാ റ്റിക്/തീയ്യേറ്ററിക് പേഴ്സണാലിറ്റി എന്നും പറയാം. മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ ഇവർ എപ്പോഴും ശ്രമിക്കും, അതിനുവേണ്ടി ഏതറ്റംവരെയും പോകും. അൽപവസ്ത്ര ധാരണത്തിലൂടെയോ വിചിത്ര വസ്ത്രങ്ങൾ ധരിച്ചോ ഒക്കെ അവരെ കാണാം. പലപ്പോഴും വിചിത്രമായ സംഗതികൾ ചെയ്ത് ആളുകളുടെ ശ്രദ്ധപിടിച്ചു പറ്റുന്നതിന് ശ്രമിക്കുന്ന പലരുടേയും മാനസികാവസ്ഥ ഇതാണ്. കൊഞ്ചിക്കുഴഞ്ഞ്, ശൃംഗരിക്കുന്ന ഇവർ പക്ഷെ വളരെ ദുർബലരാണ്. ചെറിയ തിരിച്ചടികൾ പോലും താങ്ങാൻ പറ്റാത്തത്ര ദുർബലർ. ബന്ധങ്ങളിൽ ആത്മർത്ഥത കാണില്ല. ഇന്നൊരാളാണെങ്കിൽ നാളെ വേറൊരാൾ അതു മല്ലെങ്കിൽ ഒന്നിൽ കൂടുതൽ പേർ എന്നിങ്ങനെയാകും. തന്നെ എപ്പോഴും ആളുകൾ ശ്രദ്ധിക്കണം, പരിഗണിക്കണം എന്നായിരിക്കും ഇക്കൂട്ടരുടെ പ്രധാന ആവശ്യം. ചെറിയ പ്രശ്നങ്ങൾപോലും ഇവരെ ആത്മഹത്യാശ്രമങ്ങളിലേക്ക് നയിക്കും. പക്ഷെ അതും 'ആത്മാർത്ഥ'മായിരിക്കില്ല. ആളുകളെ ഒന്നു പേടിപ്പിക്കണമെന്ന് മാത്രമായിരിക്കും അവർ ലക്ഷ്യമിടുക. ചെറിയ അളവിൽ മരുന്ന് കഴിച്ചോ, കൈ ഞരമ്പ് മുറിച്ചോ ഒക്കെ ആത്മ ഹത്യാ ശ്രമം നടത്താം. ഇവരിൽ വിവാഹബന്ധം വിജയിക്കണമെന്നില്ല. വിമർശനങ്ങളും കുറ്റപ്പെടുത്തലുകളും അവർക്ക് താങ്ങാനാകില്ല. ടെൻഷൻ കുറക്കാൻ ചിലർ മദ്യം മയ ക്കുമരുന്നുകളിലേക്ക് അഭയം തേടും. ഇവർക്ക് സ്വന്തമായി അഭിപ്രായമുണ്ടായിരിക്കില്ല, ആരെന്ത് പറഞ്ഞാലും അത് ശരിയെന്ന് കരുതും. ആരുടെ പക്ഷത്തേക്കും ചായും. സമൂ ഹത്തിൽ 100ൽ 5% ഇവരാണ്. ഇത്തരം അതിവൈകാരികത പ്രകടമാക്കുന്നവർ സിനിമ യിലും സീരിയലിലും ശോഭിക്കും.

ഇത്തരം സ്വഭാവവൈകല്യം ഉള്ളവർക്ക് തങ്ങൾ ചെയ്യുന്ന തെറ്റുകളിലോ കുറ്റങ്ങ ളിലോ മനസ്സാക്ഷിക്കുത്തോ കുറ്റബോധമോ ഉണ്ടാകില്ല. സാധാരണ ആളുകൾക്ക് ഇവ രുമായി ഇടപഴകുന്നത് അൽപം ബുദ്ധിമുട്ടുതന്നെയാണ്. ഇത് പൂർണമായും ചികിത്സ

യിലൂടെ മാറ്റാനും സാധിക്കില്ല. കുടുംബകോടതിയിൽ ഇത്തരം കേസുകൾ നിരവധിയുണ്ടാകാറുണ്ട്. സ്വന്തം രോഗം തിരിച്ചറിയാനോ അംഗീകരിക്കാനോ സാധിക്കാത്തതിനാൽ പങ്കാളിയിലാണ് കുറ്റം മുഴുവൻ ചാർത്തപ്പെടുക. അവർ സഹകരിക്കുന്നില്ല, അവർക്കൊപ്പം കഴിയാൻ ബുദ്ധിമുട്ടാണ് എന്നത തരത്തിൽ.

ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ

സാധാരണ സ്വഭാവത്തിനും അസാധാരണ സ്വഭാവത്തിനും ഇടയിലെ നേർത്ത വരമ്പിലൂടെയാണ് ഇക്കൂട്ടരുടെ യാത്ര. വളരെ അപകടകരമായ ഒരു സ്വഭാവവൈകല്യമാണിത്. ഏതു നിമിഷവും അതിക്രമത്തിലേക്ക് പോകാവുന്നവരാണിത്. ആളെ കൊല്ലാം, ആത്മഹത്യ ചെയ്യാം. എന്നിങ്ങനെ അതിഗുരുതരമായ അവസ്ഥ. ഈ സ്വഭാവവൈകല്യത്തിന്റെയും ലക്ഷണങ്ങൾ 18 വയസ്സിനോടകം കാണാനാകും. ഏകദേശം 30 വയസ് കഴിയുമ്പോഴേക്കും അവസ്ഥ രൂക്ഷമാകും. ഇവരിലെപ്പോഴും ശൂന്യതയായിരിക്കും. എത്ര ആളുകൾ കൂടെയുണ്ടെങ്കിലും ഒരുതരം ഒറ്റപ്പെട്ട അവസ്ഥ. ഇവർക്ക് വികാരവിക്ഷോഭങ്ങൾ വളരെപ്പെട്ടെന്ന് പ്രതീക്ഷിക്കാത്ത തരത്തിൽ ആയിരിക്കും. ചെറിയ വിഷയങ്ങളിൽപോലും പെട്ടെന്ന് അതികഠിനമായ ദ്വേഷ്യം, സന്തോഷം, സങ്കടം ഒക്കെ വരും. Splitting സ്വഭാവമുള്ള ഇവരെ സംബന്ധിച്ച് എന്തിലും രണ്ട് തലം മാത്രമേ കാണാൻ കിഴിയൂ. ഒന്നുകിൽ ഏറ്റവും നല്ലത് അല്ലെങ്കിൽ ഏറ്റവും മോശം.

തന്നെ സ്നേഹിക്കുന്നവരെ ഇവരും പരമാവധി സ്നേഹിക്കും, വെറുത്താൽ അങ്ങേയറ്റം വെറുക്കും. ഈ രണ്ട് അവസ്ഥയും അതാതിന്റെ പരകോടിയിലായിരിക്കുമെന്നതാണ് പ്രധാനം. ചില സമയങ്ങളിൽ ഭ്രമാത്മക ലോകത്തായിരിക്കും, ചിലപ്പോൾ അത് വെറും മണിക്കൂറുകൾ മാത്രമായിരിക്കും, മറ്റുചിലപ്പോൾ ദിവസങ്ങളോ ആഴ്ചകളോ പിടിക്കും തിരികയെത്താൻ.

ഇല്ലാത്ത ശബ്ദം കേൾക്കുക, സാഹചര്യങ്ങൾ അനുഭവിക്കുക, ഇല്ലാത്ത ലോകം ഉണ്ടെന്ന് വിശ്വസിക്കുക തുടങ്ങിയ മതിഭ്രമം ഇവർക്ക് ചെറിയ സമയത്തേക്ക് അനുഭവപ്പെടാം. മനസ്സിന്റെ ശൂന്യത കാരണം ഒരു കാര്യത്തിലും സന്തോഷം കണ്ടെത്താൻ കഴിയില്ല. പാട്ട്, സിനിമ ഒക്കെ വിരസമായിരിക്കും. ആത്മഹത്യാ പ്രവണത കൂടും. വിഷാദം വരാനുള്ള സാധ്യത കൂടുതലായിരിക്കും. ഒരു സന്തോഷവും ഇല്ലാതെ അക്രമാസക്തരായി തീരും. മദ്യത്തിനും മയക്കുമരുന്നിലേക്കും വീണുപോകും. ഇവർക്ക് വൈവാഹിക ജീവിതം വളരെ ബുദ്ധിമുട്ടായിരിക്കും. നിസ്സാര കാര്യങ്ങൾ ആജീവനാന്ത പ്രശ്നങ്ങളായി മാറാം. ഇത്തരം ചില കുടുംബന്ധങ്ങളിലാണ് പലവിധ കൊലപാതകങ്ങളും മറ്റും സംഭവിക്കുന്നത്. ചികിത്സിച്ചു മാറ്റാൻ വളരെ ബുദ്ധിമുട്ടാണെങ്കിലും സൈക്കോതെറാപ്പിയിലൂടെ ഒരു പരിധിവരെ മാറ്റാം. ഭാവ മാറ്റംകൊണ്ടുണ്ടാകുന്ന നശീകരണ പ്രലോഭനങ്ങളെ മരുന്നിലൂടെ അതിജീവിക്കാം.

പണ്ട് കാലത്ത് ഇത് അപൂർവരോഗമായിരുന്നെങ്കിലും ഇക്കാലത്ത് ഒപിയിൽ ദിവസം രണ്ടോ മൂന്നോ രോഗികളെ ഇത്തരം സ്വഭാവവൈകല്യവുമായി കാണാറുണ്ട്.

ഡിപ്പൻഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ

ഒരു ചെറിയ കാര്യംപോലും ഒറ്റക്ക് ചെയ്യാൻ സാധിക്കാത്ത ഇക്കൂട്ടർ എല്ലാ കാര്യത്തിനും മറ്റുള്ളവരെ ആശ്രയിക്കും. ആത്മവിശ്വാസമില്ലായ്മയാണ് ഇവരുടെപ്രധാന പ്രശ്നം. പേടി, എന്തിനും ഏതിനും ആരുടെയെങ്കിലും ഒരു സഹായം ഇവർക്ക് വേണം. വിവാഹിതരാണെങ്കിൽ പങ്കാളിയുടെ തണലില്ലാതെ ജീവിക്കുന്നത് ഇവർക്ക് ഓർക്കാനാ

വില്ല. ഒറ്റക്ക് ഷോപ്പിങ്ങിനുപോലും പോകാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ പങ്കാളി യുടെ എന്ത് പ്രശ്നങ്ങളും പീഡനങ്ങളും ഇവർ സഹിക്കും, ഓഫീസിലും സഹായിക്കാൻ അതുപോലെ ആരെങ്കിലുമുണ്ടാകണം. പക്ഷെ ഈ ആശ്രയത്വം ചൂഷണം ചെയ്യാൻ സാധ്യതയുണ്ട്. പണമായിട്ടോഉപഹാരങ്ങളായിട്ടോ അതുമല്ലെങ്കിൽ ശാരീരിക മായിട്ടോപോലും ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാകും. ഇത് പിന്നീട് പല പ്രശ്ന ങ്ങളിലേക്കും വഴുതി മാറാറുണ്ട്. പലപ്പോഴും ഇത്തരക്കാർ സമൂഹത്തിൽ ഏറെയുണ്ടെ ങ്കിലും അവരെ തിരിച്ചറിയപ്പെടാറില്ല.

കുടുംബജീവിതം അത്രതന്നെ പ്രശ്നതരമാകില്ലെങ്കിലും രണ്ടുപേരും ഡിപ്പൻഡന്റീ വാണെങ്കിൽ സങ്കീർണമാകും. സത്യത്തിൽ നമ്മളീ ആധുനിക കാലഘട്ടത്തിൽ ജീവി ക്കുമ്പോൾ വിവാഹബന്ധത്തിന് ജാതകമല്ല നോക്കണ്ടത്, പേഴ്സണാലിറ്റി അസെസ്മെന്റ് ആണ്. മാച്ചിങ് പെഴ്സണാലിറ്റി സെലക്ട് ചെയ്താൽ ജീവിതം സുഗമമാകും.

അവോയ്ഡന്റ് പേഴ്സണാലിറ്റി ഡിസോർഡർ

മുമ്പ് പറഞ്ഞ തരത്തിലുള്ള ആശ്രയത്വ സ്വഭാവമുള്ളവരാണിവർ. സ്വന്തമായി തീരു മാനങ്ങളില്ല, ആത്മവിശ്വാസമില്ല, പക്ഷെ എന്നിരുന്നാലും സഹായത്തിനായി ആരെയും സമീപിക്കില്ല. ഉറച്ച തീരുമാനമെടുക്കില്ല ഒന്നിലും. ഇത്തരം വൈകല്യം കുടുംബജീവിത ത്തിൽ പ്രശ്നനങ്ങളുണ്ടാക്കും. വിവാഹമോചനത്തിലേക്ക് വരെ നയിക്കും. സൈക്കോ തെറാപ്പിയിലൂടെ ഇവരുടെ ആത്മവിശ്വാസം പരിധിവരെ ഉയർത്താൻ സാധിക്കും. സൈക്കോളജിസ്റ്റിനെയാണ് കാണേണ്ടത്.

ആന്റി സോഷ്യൽ പേഴ്സണാലിറ്റി

ഇതൊന്നുമല്ലാത്ത നമ്മുടെ നാട്ടിൽ സ്ത്രീകളിൽ മുമ്പ് കാണപ്പെടാത്തതും എന്നാ ലിപ്പോൾ കാണപ്പെടുന്നതുമായ ഒന്നാണ് ആന്റി സോഷ്യൽ പേഴ്സണാലിറ്റി അഥവാ സൈക്കോപതിക് പേഴ്സണാലിറ്റി. ഇതിന്റെ ഒരംശം കൂടത്തായിയിൽ സയനൈഡ് കൊല പാതകം നടത്തിയ ജോളിയിൽ കാണാം. ക്രിമിനൽ മെന്റാലിറ്റി ഇത്തരക്കാരിൽ സ്ഥിര മാണ്. സ്വന്തം സുഖം, പണം എന്നിവക്കായി ഏതറ്റംവരെയും ഇവർ പോകും. ആരെയും പറ്റിക്കാനോ വഞ്ചിക്കാനോ എന്തിന് കൊല്ലാൻ പോലുമോ മടിക്കാത്തവരാണിവർ. ആകർഷകമായ പെരുമാറ്റവും സംസാരവുംകൊണ്ട് പരിചയപ്പെടുന്നവരെ വലയിലാക്കാൻ പ്രത്യേക കഴിവുണ്ട് ഇവർക്ക്. പക്ഷേ ഇതവരുടെ മുഖാവരണമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നിടത്താണ് വിജയം. കാഴ്ചയിൽ മിടുക്കരായ ഇവർ കൂർമകുശാഗ്രബുദ്ധിക്കാ രാകും. കൊലപാതകം, വഞ്ചന, മയക്കുമരുന്ന്, കള്ളക്കടത്ത്, പരപുരുഷബന്ധം എന്നി വയൊന്നും കുറ്റബോധമില്ലാതെ ചെയ്യും.

ഇത്തരത്തിലുള്ള സ്വഭാവവൈകല്യത്തിന് ചികിത്സ ഇല്ല. ജയിൽ ജീവിതമായിരിക്കും നല്ലത്. എന്നിരുന്നാലും മാനസാന്തരം വരാൻ ജയിലിലടയ്ക്കപ്പെടുന്ന ഇവർ അവിടെ മറ്റുള്ളവരുമായി ചേർന്ന് കുറ്റവാസന പുതിയ മേഖലകളിലേക്ക് വ്യാപിക്കുന്നതാണ് പതി വായി കണ്ടുവരുന്നത്. അവരെ സംബന്ധിച്ചിടത്തോളം ചെയ്യുന്ന പ്രവൃത്തിയിൽ അവർക്ക് കുറ്റബോധമില്ല, അതുകൊണ്ടുതന്നെ ആവർത്തിക്കുന്നതിന്റെ തോത് കൂടും. പത്തിരു പത് വർഷം മുമ്പ് മാനസികരോഗ പുസ്തകത്തിൽ മാത്രം പ്രതിപാദിച്ചിരുന്ന ഇത്തരം രോഗങ്ങൾ ഇപ്പോൾ കേരളത്തിൽ സ്ഥിരമായി കാണുന്നു. പാശ്ചാത്യവൽക്കരണത്തിന്റെ ചീത്തയായ വശമാണിത്തരം സ്വഭാവവൈകല്യ രോഗങ്ങൾ.

അവർ അമ്മയെ കണ്ടാണ് പഠിക്കുന്നത്

ചെറുപ്രായത്തിൽ കുട്ടികളിൽ പലർക്കും തങ്ങളുടെ റോൾമോഡൽ അമ്മമാരായി

രിക്കും. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. അമ്മമാരുടെ ഇത്തരം പ്രശ്നങ്ങൾ കുട്ടികളെ വളരെ പ്രതികൂലമായി ബാധിക്കും. ഇത് ജനിതക പ്രശ്നമായതിനാൽ മക്കൾക്ക് പാരമ്പ ര്യമായും ഈയവസ്ഥ പിടിപെടാം. നേരത്തേ കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കിയാൽ ചിലപ്പോൾ വ്യത്യാസപ്പെട്ടേക്കാം. എന്നിരുന്നാലും സോഷ്യൽ മീഡിയയിലും മറ്റും കുപ്ര സിദ്ധി നേടുന്ന അമ്മമാരുടെ മക്കൾക്ക് സ്വാഭാവികമായും ഒരു അരക്ഷിതബോധം പിടി പെടാം. അവരിൽ ആത്മാഭിമാനം കുറയും. അപകർഷത നിറയും. ബാക്കി എല്ലാവരു ടെയും അമ്മ ഇങ്ങനെയല്ലല്ലോ, എന്റെ അമ്മ മാത്രം ഇങ്ങനെയായിപ്പോയതെന്തേ എന്ന ചിന്ത അവരെ കലുഷിതരാക്കും. അത് പലപ്പോഴും അമ്മയോടുള്ള വൈരാഗ്യമായി മാറും.

**